പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2016-2019)

## രണ്ടാമത് റിപ്പോർട്ട്

(2018 ഡിസംബർ 12-ാം തീയതി സമർപ്പിച്ചത്)

**(തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിലുള്ള പൊതുമേഖല/ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയുടെ ഓഡിറ്റ്/വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019)

**രണ്ടാമത് റിപ്പോർട്ട്**

(2018 ഡിസംബർ 12-ാം തീയതി സമർപ്പിച്ചത്)

**(തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിലുള്ള പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയുടെ ഓഡിറ്റ്/ വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്)**

1731/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019)

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മോൻസ് ജോസഫ്.

<u>അംഗങ്ങൾ:</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി ഗീതാ ഗോപി

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എം. നൗഷാദ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. കെ. ശശി

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. അബ്ദുൾ ഖരീം, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2018 ഡിസംബർ 6-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിച്ചു.

ശ്രീ. മോൻസ് ജോസഫ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 12.

# ആമുഖം

ജനക്ഷേമത്തിനും ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായും നിയമങ്ങൾ നിർമ്മിക്കുന്ന ജനാധിപത്യ വ്യവസ്ഥിതിയിലെ അടിസ്ഥാന ഘടകമാണ് നിയമനിർമ്മാണസഭ. നിയമങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, അവയുടെ ഭേദഗതികൾ, തിരുത്തലുകൾ തുടങ്ങിയവയും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ, ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ, സർക്കാർ ഉത്തരവ് പ്രകാരം ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ സർക്കാർ കത്ത് പ്രകാരം ഓഡിറ്റിന് ഏല്പിച്ചിട്ടുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ടുകൾ, കണക്കുകൾ, എൻക്വയറി കമ്മീഷൻ റിപ്പോർട്ടുകൾ എന്നിവയും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ബന്ധപ്പെട്ട ചട്ടങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന വികസനത്തിനും വ്യാവസായിക പുരോഗതിയ്ക്കും മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ മികച്ച രീതിയിൽ പ്രവർത്തിക്കേണ്ടതും നിലനിൽക്കേണ്ടതും സമൂഹത്തിന്റെ ആവശ്യമാണ്. സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും യഥാസമയം സഭയുടെ മുമ്പാകെ വന്നാൽ മാത്രമെ കണക്കുകളിൽ വന്നുപെടാറുള്ള തെറ്റുകളും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലെ പുരോഗതിയും മാന്ദ്യവും ശ്രദ്ധയിൽപ്പെടുകയും അതുവഴി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സാധിക്കുകയുള്ളൂ.

ജനാധിപത്യ പ്രക്രിയയിൽ നിയമസഭാ സാമാജികരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വവും ഫലപ്രദമായി നിർവ്വഹിച്ച് അതുവഴി ജനങ്ങളുടെ ജനാധിപത്യ അവകാശ സംരക്ഷകരായി മാറണമെങ്കിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ യഥാസമയം സാമാജികർക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് ഏതൊരു സർക്കാരിന്റെയും പ്രധാന കർത്തവ്യങ്ങളിൽ ഒന്നാണ്. സഭയുടെ മുമ്പാകെ വരുന്ന കടലാസുകൾ ലഭിക്കുവാനും പരിശോധിക്കുവാനുമുള്ള നിയമസഭാ സാമാജികരുടെ അർഹതയും അവകാശവും സാർവ്വത്രികമായി ജനാധിപത്യത്തിൽ അധിഷ്ഠിതമായി അംഗീകരിച്ചിട്ടുള്ളതാണ്. ഇതിലൂടെ മാത്രമെ സർക്കാരിന് ഭരണനിർവ്വഹണത്തിൽ വന്നുപോകുന്ന വീഴ്ചകളും കുറവുകളും ക്രമക്കേടുകളും കണ്ടെത്തുവാനും പ്രസ്തുത കണ്ടെത്തലുകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും കഴിയുകയുള്ളൂ.

നിർദ്ദിഷ്ട സമയപരിധി നിർണ്ണയിച്ച് വിവരങ്ങൾ നിയമസഭയിൽ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അവ നിയമസഭയ്ക്ക് ലഭ്യമാക്കാൻ ബാദ്ധ്യസ്ഥരായ വിവിധ ഭരണവകുപ്പുകൾ നിശ്ചിത സമയത്തോ, അതിനുശേഷമോ ലഭ്യമാക്കാൻ ശുഷ്കാന്തി കാണിക്കുന്നില്ലായെന്നത് നിയമസഭാ സാമാജികരുടെ അവകാശാധികാരങ്ങൾ പരിരക്ഷിക്കപ്പെടുന്നതിനുള്ള വിമുഖതയായിപ്പോലും വിലയിരുത്താനിടയുണ്ട്.

# റിപ്പോർട്ട്

സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ നിയമാനുസരണം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നുണ്ടോ, അവ സമർപ്പിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന് കാരണം വിശദീകരിക്കുന്നതിന്റെ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ടോ, കാരണങ്ങൾ ന്യായീകരിക്കത്തക്കതാണോ എന്നിവ പരിശോധിക്കുകയും ഇത് സംബന്ധിച്ച് ബഹു. സ്പീക്കർ അതത് സമയം ചുമതലപ്പെടുത്തുന്ന മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതും സമിതിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

2. ഗവൺമെന്റ് ഭീമമായ നിക്ഷേപം നടത്തിയിട്ടുള്ള കോർപ്പറേഷനുകളെയും പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെയും സംബന്ധിച്ച കാലിക പ്രസക്തിയുള്ള ആധികാരിക വിവരങ്ങൾ ലഭ്യമാകുന്നത് ഇവയുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ മുഖേനയാണ്. ഇവ സഭയിൽ സമർപ്പിക്കുന്നതിന് നിയതമായ സമയപരിധിയും നിശ്ചയിച്ചിട്ടുണ്ട്. നിയമാനുസൃത കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, കൂട്ടുടമ കമ്പനികൾ തുടങ്ങിയവയിൽ 2017 മാർച്ച് 31 വരെ സംസ്ഥാനം 7,240.03 കോടി രൂപ മുതൽമുടക്കിയിട്ടുണ്ടെന്നും കഴിഞ്ഞ 5 വർഷക്കാലയളവിൽ ഈ മുതൽമുടക്കിൽ നിന്നുള്ള ശരാശരി വരുമാനം 1.35 ശതമാനമായിരുന്നപ്പോൾ 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ സർക്കാർ എടുത്ത വായ്പകൾക്ക് 7.18 ശതമാനം ശരാശരി പലിശ കൊടുക്കേണ്ടിവരുന്നതായും സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള 2017 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ സി&എജി.യുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഉടമസ്ഥൻ എന്ന നിലയിൽ ഒരു സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണ വകുപ്പുവഴി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട്. സ്ഥാപനങ്ങളുടെ സർക്കാർ മുതൽമുടക്കിന്റെ കണക്കുകൾ സൂക്ഷിക്കലും വിനിയോഗവും സംസ്ഥാന നിയമസഭ നിരീക്ഷിക്കുന്നുണ്ട്. ഇതിനായി അവയുടെ വാർഷിക റിപ്പോർട്ടിനൊപ്പം ഓഡിറ്റ് റിപ്പോർട്ടുകളും അതത് നിയമങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളതു പോലെ സർക്കാരിൽ സമർപ്പിക്കേണ്ടതും സർക്കാർ അതു നിശ്ചിത സമയപരിധിക്കുള്ളിൽ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്. ചട്ടങ്ങളിൽ കൃത്യമായ സമയപരിധി നിശ്ചയിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ അതത് സാമ്പത്തിക വർഷം അവസാനിച്ച് 9 മാസത്തിനുള്ളിൽ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കേണ്ടതാണ്.

3. സ്ഥാപനങ്ങളുടെ കണക്കുകളും റിപ്പോർട്ടുകളും സമയബന്ധിതമായി പൂർത്തീകരിക്കാതെ വരുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ സർക്കാർ മുതൽ മുടക്കിയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുവാനായോ എന്നും നിക്ഷേപങ്ങളും ചെലവുകളും ശരിയായി കണക്കിൽപ്പെടുത്തിയിരുന്നോ എന്നും വിലയിരുത്തുന്നതിനും കഴിയാതെവരും. മാത്രമല്ല കണക്കുകൾ പൂർത്തീകരിക്കുന്നതിൽ കുടിശ്ശിക വരുന്നതുമൂലം സ്ഥാപനങ്ങളുടെ ശരിയായ പ്രവർത്തനഫലം നിർണ്ണയിക്കാനും സാധിക്കുകയില്ല.

4. സർക്കാരിന്റെ ധനസഹായം ലഭിക്കുന്ന വിവിധ സ്ഥാപനങ്ങൾ ധനസഹായത്തിന്റെയും വായ്പകളുടെയും വിനിയോഗ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുന്നതിൽ വരുത്തുന്ന കാലതാമസം വിവിധ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും നിർദ്ദേശങ്ങളുടെയും അനുവർത്തനത്തിൽ വിവിധ സർക്കാർ വകുപ്പുകളിലുള്ള ന്യൂനതയെയാണ് സൂചിപ്പിക്കുന്നത്. സ്വയംഭരണസ്ഥാപനങ്ങളും വകുപ്പുതല വാണിജ്യസംരംഭങ്ങളും വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കാണുന്നു. പൊതുഖജനാവിൽ നിന്നുള്ള പണം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോയെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ നിയമപരമായും ധാർമ്മികമായും ബാദ്ധ്യതയുള്ള സ്ഥാപനങ്ങൾ അവയുടെ വാർഷിക കണക്കുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് ജനാധിപത്യ വ്യവസ്ഥിതിയിൽ അഭിലഷണീയമായ നടപടിയല്ലെന്ന് സമിതി കരുതുന്നു.

5. അതത് സാമ്പത്തിക വർഷം അവസാനിച്ചശേഷം 9 മാസത്തിനുള്ളിൽ, (അതത് വർഷം ഡിസംബർ 31-ാം തീയതിക്കുമുമ്പായി) സ്ഥാപനങ്ങൾ അവയുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും സഭ മുമ്പാകെ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുക ഇല്ലെങ്കിൽ അതിന്മേൽ വിശദീകരണവും അതിന്റെ സാധ്യതയും പരിശോധിക്കുക, എന്നതാണ് സമിതിയുടെ ഒരു പ്രധാന ചുമതല. പതിനാലാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019) ജൂലൈ 25-ാം തീയതി നിലവിൽ വന്നശേഷം പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളും കണക്കുകളും നിയമസഭയിൽ സമർപ്പിക്കുന്നതിന്റെ വേഗത ത്വരിതപ്പെടുത്തുവാൻ കഴിഞ്ഞുവെങ്കിലും സമിതി ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും ഭരണവകുപ്പുകൾക്കും കഴിഞ്ഞിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു.

6. ഭരണഘടനാപരമായ നടപടികളുടെ ഭാഗമായി നിയമസഭയുടെ മേശപ്പുറത്തു വയ്ക്കേണ്ട രേഖകൾ യഥാസമയം മേശപ്പുറത്തുവയ്ക്കാൻ സാധിക്കാതെ വരുമ്പോൾ അതോടൊപ്പം സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ള കാലതാമസപത്രിക സഭയ്ക്ക് ബോദ്ധ്യമാകുന്ന തരത്തിലായിരിക്കണമെന്ന സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ കാലാകാലങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും പരിപത്രങ്ങളും (circular) പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം ഭരണവകുപ്പുകളും ആയത് പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി സമിതി കണ്ടെത്തി. സാമൂഹികക്ഷേമം ലക്ഷ്യമാക്കി സർക്കാർ അനേകം ക്ഷേമനിധി ബോർഡുകളും കോർപ്പറേഷനുകളും രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ തൊഴിലാളി വിഭാഗങ്ങളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ളവയുടെ ഭരണനിർവ്വഹണ ചുമതല തൊഴിൽവകുപ്പിന് നൽകിയിരിക്കുന്നു. എന്നാൽ ഈ വകുപ്പിനുകീഴിലുള്ള പല സ്ഥാപനങ്ങളും റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നില്ല. ഇതു സംബന്ധിച്ച സമിതിയുടെ

അന്വേഷണങ്ങൾക്ക് തൊഴിൽവകുപ്പ് കൃത്യമായി പ്രതികരിക്കാറുമില്ല. തങ്ങളുടെ അധികാരപരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളുടെ റിപ്പോർട്ട് സമർപ്പണത്തിൽ യാതൊരു ഉത്തരവാദിത്വവും ഇല്ലായെന്ന തൊഴിൽവകുപ്പിന്റെ നിലപാട് അംഗീകരിക്കാനാവില്ലായെന്ന് സമിതി വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സമിതി തൊഴിൽവകുപ്പിന്റേയും വകുപ്പിനുകീഴിലുള്ള സ്ഥാപനമേധാവികളിൽനിന്നും തെളിവെടുപ്പ് നടത്തിയിരുന്നു. എന്നാൽ അവിടെയും തൊഴിൽവകുപ്പ് തങ്ങളുടെ നിരുത്തരവാദിത്വവും നിഷേധാത്മകതയും വീണ്ടും വെളിപ്പെടുത്തി. തൊഴിൽവകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുമെന്നറിയിച്ചിരുന്നെങ്കിലും സെക്രട്ടറി യോഗത്തിൽ ഹാജരായില്ല. സെക്രട്ടറിയെ പ്രതിനിധീകരിച്ച് ഹാജരായ ഉദ്യോഗസ്ഥന് തൊഴിൽവകുപ്പിനുകീഴിൽ എത്ര സ്ഥാപനങ്ങളുണ്ടെന്നോ അതിൽ ഏതെല്ലാം സ്ഥാപനങ്ങൾ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നോ എന്നത് സംബന്ധിച്ച് യാതൊരു ധാരണയും ഉണ്ടായിരുന്നില്ല. പ്രസ്തുത ഉദ്യോഗസ്ഥന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനു പോലും തൊഴിൽവകുപ്പ് തയ്യാറായിട്ടില്ലായെന്നും തെളിവെടുപ്പ് വേളയിൽ സമിതി മനസ്സിലാക്കി. പ്രസ്തുത തെളിവെടുപ്പിനെ തുടർന്ന് സമിതിയുടെ നിരീക്ഷണങ്ങളും ശിപാർശകളും ചുവടെ ചേർത്തിരിക്കുന്നു:

## 1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

7. ബോർഡിന്റെ 2013-14-നുശേഷമുള്ള വാർഷിക/ഓഡിറ്റ്/അക്കൗണ്ട്സ് റിപ്പോർട്ടുകളൊന്നും ലഭ്യമായിട്ടില്ലെന്ന് 13-12-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ചൂണ്ടിക്കാട്ടി. 2016 ജൂലൈ മുതൽ 2017 ജൂലൈ വരെ പ്രസ്തുത സ്ഥാപനത്തിൽ ഡയറക്ടർ ബോർഡ് നിലവിലില്ലാതിരുന്നതിനാലാണ് വാർഷിക റിപ്പോർട്ട് പാസ്സാക്കി അയയ്ക്കാത്തതെന്നും ഡയറക്ടർ ബോർഡ് നിലവിൽ വന്നശേഷം 2014-15 വർഷത്തെ റിപ്പോർട്ട് പാസ്സാക്കി അയച്ചിട്ടുണ്ടെന്നും 2015-16 വർഷത്തെ റിപ്പോർട്ട് പ്രിന്റിംഗിലാണെന്നും 2016-17 വർഷത്തെ ഓഡിറ്റ് പൂർത്തീകരിച്ച് ഉടൻ തന്നെ സർക്കാരിലേക്ക് സമർപ്പിക്കുന്നതാണെന്നും കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥൻ യോഗത്തിൽ വിശദീകരിച്ചിരുന്നു.

8. സമിതിയുടെ തെളിവെടുപ്പിനെത്തുടർന്ന് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2014-15, 2015-16 വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കണക്കുകളും ലഭ്യമാക്കുകയും ആയവ യഥാക്രമം 30-1-2018, 4-4-2018 എന്നീ തീയതികളിൽ സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

9. 2016 ജൂലൈ മുതൽ 2017 ജൂലൈ വരെ ബോർഡ് നിലവിലില്ലാതിരുന്നതിനാലാണ് 2014-15, 2015-16 വർഷങ്ങളിലെ റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം ഉണ്ടായതെന്ന വിശദീകരണം ന്യായീകരിക്കാനാവുന്ന കാര്യമല്ലെന്നു സമിതി വിലയിരുത്തുന്നു. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

## 2. കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി (ചിയാക്)

10. 2012-13 മുതൽ 2015-16 വരെയുള്ള റിപ്പോർട്ടുകളുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ ധനകാര്യവകുപ്പിൽ കുടിശ്ശികയാണെന്നും അത് കിട്ടിയാൽ മാത്രമേ റിപ്പോർട്ടുകൾ പ്രിന്റ് ചെയ്ത് സമർപ്പിക്കുവാൻ സാധിക്കുകയുള്ളുവെന്നും ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടർ 13-12-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിയിൽ ബോധിപ്പിക്കുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പും തൊഴിൽ വകുപ്പും പരസ്പര വിരുദ്ധമായ മറുപടികളാണ് സമിതിക്ക് ലഭ്യമാക്കിയത്. ചിയാക് ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ യഥാസമയം സമിതിക്ക് സമർപ്പിക്കുന്നതിൽ തൊഴിൽ വകുപ്പ് വീഴ്ച വരുത്തുകയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ചിയാകിന്റെ 2012-13 മുതൽ കുടിശ്ശികയുള്ള റിപ്പോർട്ടുകളുടെ വിശദവിവരം, റിപ്പോർട്ടുകൾ സ്ഥാപനത്തിൽനിന്നും തൊഴിൽ വകുപ്പിനു ലഭിച്ച തീയതി, തൊഴിൽ വകുപ്പിൽ നിന്നും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയ തീയതി, അച്ചടിച്ച റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണം എന്നിവ വ്യക്തമാക്കുന്ന വിശദമായ മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 3. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

11. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ (KSID) 2011-12-ലെ റിപ്പോർട്ട് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. എന്നാൽ KSID-യെ 1-1-2014-ൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിൽ (KASE) ലയിപ്പിച്ചതായും 2012-13-ലെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുന്നതായും തൊഴിൽ വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. KSID-യെ KASE-യിൽ ലയിപ്പിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ സമിതിയെ അറിയിച്ചിട്ടില്ലാത്തതിനാൽ സമിതിയുടെ രേഖകളിൽ KSID, റിപ്പോർട്ട് ഏറ്റവും കൂടുതൽ കുടിശ്ശികയുള്ള സ്ഥാപനമാണെന്നും സമിതി അറിയിച്ചു. 1-1-2014-ൽ KSID-യെ KASE-യിൽ ലയിപ്പിച്ചെങ്കിലും പ്രസ്തുത വിവരം നാളിതുവരെ സമിതിയെ അറിയിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഒരു സ്ഥാപനം പ്രവർത്തനം അവസാനിപ്പിക്കുമ്പോൾ ആ വിവരം നിയമസഭയെ അറിയിക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ KSID-യെ 1-1-2014-ൽ KASE-യിൽ ലയിപ്പിച്ചതിന്റെയും ആസ്തിബാദ്ധ്യതകൾ ഏതുരീതിയിൽ ക്രമീകരിച്ചുവെന്നതും സംബന്ധിച്ച വിശദമായ റിപ്പോർട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

12. 13-12-2017-ലെ തെളിവെടുപ്പ് യോഗത്തിനുശേഷം KSID-യുടെ 2012-13 വരെയുള്ള വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ 5-6-2018-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. KASE-ന്റെ 2012-13 മുതൽ 2016-17 വരെയുള്ള വാർഷിക കണക്കുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുകയും ആയത് 5-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## 4. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ച്

13. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ച് എന്ന സ്ഥാപനത്തിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട് 17-12-2015-ൽ സഭയിൽ സമർപ്പിച്ചുവെങ്കിലും തുടർന്നുള്ള റിപ്പോർട്ടുകളൊന്നും ലഭ്യമാക്കിയിട്ടില്ല എന്നതിന് 2010-11, 2012-13, 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിലെ കാലതാമസ പത്രിക ലഭിക്കാത്തതിനാലാണ് റിപ്പോർട്ടുകൾ സമർപ്പിക്കാത്തതെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തെ തുടർന്ന് സ്ഥാപനത്തിന്റെ 2010-11, 2012-13, 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 11-1-2018-ൽ ലഭ്യമാക്കുകയും ആയവ 21-6-2018-ന് സഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്യുകയുണ്ടായി. റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ വയ്ക്കുവാൻ സാധിക്കാത്തതിന് പുറമെ കാലതാമസപത്രിക ലഭ്യമാക്കുന്നതിലും ഭരണ വകുപ്പ് തികച്ചും നിരുത്തരവാദിത്തപരമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഭരണ വകുപ്പ് മേധാവിയിൽ നിന്നും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

## 5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്

14. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ 2014-15 മുതലുള്ള വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. 2014-15-ലെ റിപ്പോർട്ട് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ടുകളിന്മേൽ എ.ജി.യുടെ ഓഡിറ്റിംഗ് പൂർത്തീകരിച്ചിട്ടില്ല എന്നും ഒരു വർഷമായി കൗൺസിൽ രൂപീകരിച്ചിട്ടില്ലായെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി. ഇതു സംബന്ധിച്ച് നിജസ്ഥിതി ആരാഞ്ഞ സമിതിക്ക് കൃത്യമായ മറുപടി നൽകുന്നതിന് തൊഴിൽ വകുപ്പിനെ പ്രതിനിധീകരിച്ച ഉദ്യോഗസ്ഥന് സാധിച്ചില്ല. തങ്ങളുടെ ചുമതലയിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് ഭരണവകുപ്പിന് വ്യക്തമായ ഉത്തരം നൽകാൻ സാധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഭരണവകുപ്പ് ലാഘവബുദ്ധിയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതായി സമിതി വിലയിരുത്തി.

15. ആയതിനാൽ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ 2014-15 മുതലുള്ള റിപ്പോർട്ടുകൾ സമർപ്പിക്കാനുണ്ടായ കാലതാമസം, റിപ്പോർട്ട് തയ്യാറാക്കുന്നതിലെ ഇപ്പോഴത്തെ അവസ്ഥ, ഇവ എന്നത്തേക്ക് സമർപ്പിക്കുവാൻ സാധിക്കും എന്നീ വിവരങ്ങൾ പരിശോധിച്ച് വിശദമായ വിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 6. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

16. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്ന സ്ഥാപനത്തിന്റെ 2014-15-ലെ വാർഷിക കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ (എ.ജി.) അംഗീകാരത്തിനുശേഷം ബോർഡ് മീറ്റിംഗിൽ സമർപ്പിച്ചുവെങ്കിലും എ.ജി.യുടെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റിപ്പോർട്ട് നിരാകരിച്ചുവെന്നും 2015-16-ലെ റിപ്പോർട്ട് പുനഃപരിശോധിക്കണമെന്നും എ.ജി. ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകളും 2016-17-ലെ റിപ്പോർട്ടും രണ്ട് മാസത്തിനകം ലഭ്യമാക്കാമെന്ന് 13-12-2017-ലെ തെളിവെടുപ്പ് യോഗത്തിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മറുപടി നൽകി.

17. സമിതിയുടെ കർശന നിർദ്ദേശത്തെത്തുടർന്ന് സ്ഥാപനത്തിന്റെ 2014-15-ലെ ആഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുവാനായി 4-7-2018-ന് ലഭ്യമാക്കിയിട്ടുണ്ട്. <u>പ്രസ്തുത സ്ഥാപനത്തിന്റെ 2016-17 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ കാലതാമസ പത്രിക സഹിതം സഭയിൽ സമർപ്പിക്കുവാനും കുടിശ്ശിക ഒഴിവാക്കുവാൻ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.</u>

## 7. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

18. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ 2012-13-നുശേഷമുള്ള കുടിശ്ശിക റിപ്പോർട്ടുകളെക്കുറിച്ചും 2009-10-ലെ ഭരണ ആഡിറ്റ് റിപ്പോർട്ടുകളുടെ കാലതാമസപത്രികയിന്മേൽ 7-12-2016-ലെ സമിതിയോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം ലഭ്യമാക്കുന്നതിനെക്കുറിച്ചും സമിതി ബന്ധപ്പെട്ടവരോട് ആരായുകയുണ്ടായി. 2014-15 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും കഴിഞ്ഞ രണ്ടു വർഷമായി ബോർഡ് നിലവിലില്ലാത്തതിനാലാണ് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാത്തതെന്നും 2015-16, 2016-17 എന്നീ വർഷങ്ങളിലേത് ഓഡിറ്റിംഗ് പൂർത്തിയാക്കാനായി എ.ജി.യ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും അത് ലഭിക്കുന്ന മുറയ്ക്ക് സർക്കാരിന് സമർപ്പിക്കുന്നതാണെന്നും ഒന്നര മാസത്തിനുള്ളിൽ ബോർഡ് നിലവിൽ വരുമെന്നും അഡീഷണൽ ലേബർ കമ്മീഷണർ അറിയിച്ചു

19. പ്രസ്തുത സ്ഥാപനത്തിന്റെ 2009-10-ലെ ഭരണ/ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ലഭിച്ച അധികവിവരം സമിതിക്ക് സ്വീകാര്യമായില്ലെന്നും ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പിന് എന്ത് മറുപടി നല്കാനുണ്ടെന്നും സമിതി ആരാഞ്ഞു. എന്നാൽ തൊഴിൽ വകുപ്പിന് ഇതു സംബന്ധിച്ച് വ്യക്തമായ മറുപടി നല്കാൻ കഴിഞ്ഞില്ല.

20. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളെക്കുറിച്ചോ സ്ഥാപനത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചോ വിശദമാക്കുവാൻ സാധിക്കാത്തത് തൊഴിൽ വകുപ്പിന്റെ അനാസ്ഥയായി സമിതി വിലയിരുത്തുകയും ആയത്തു സംബന്ധിച്ച വിശദവിവരങ്ങൾ സമയബന്ധിതമായി ഹാജരാക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

## 8. കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം

21. സ്ഥാപനം 2-2-2016-ൽ പ്രവർത്തനം നിർത്തലാക്കുകയും 2017-ൽ സാമൂഹ്യ സുരക്ഷാ ബോർഡിലേക്ക് ലയിപ്പിക്കുകയും ചെയ്തുവെന്നും 2014-15 വരെയുള്ള ഓഡിറ്റ് ഭരണ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും എല്ലാ വിവരങ്ങളും വകുപ്പിനെ അറിയിച്ചിട്ടുള്ളതായും കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. എന്നാൽ പ്രസ്തുത വിഷയങ്ങളൊന്നും തൊഴിൽ വകുപ്പ് നിയമസഭാ സമിതിയെ അറിയിച്ചിട്ടില്ല എന്നു മാത്രമല്ല ആയതിനെക്കുറിച്ച് വ്യക്തമായ മറുപടി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടുമില്ല. കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ ബോർഡ് എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് മുമ്പുള്ള കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം എന്ന പഴയ സ്ഥാപനത്തിന്റെ എന്നുവരെയുള്ള റിപ്പോർട്ടുകൾ തൊഴിൽ വകുപ്പിന് ലഭിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ, കുടിശ്ശിക റിപ്പോർട്ടുകൾ എന്നിവ എന്നത്തേക്ക് സമർപ്പിക്കുവാൻ സാധിക്കും എന്നിതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം എന്ന സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതു പ്രസ്തുത സ്ഥാപനമാണെന്നും പുതിയ സ്ഥാപനം രൂപീകരിച്ചതിനു ശേഷമുള്ള റിപ്പോർട്ടുകൾ പുതിയ സ്ഥാപനം മുഖേന സമർപ്പിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ ഭരണ വകുപ്പ് ആവശ്യമായ നിർദ്ദേശങ്ങൾ നല്കണമെന്നും വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 9. കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി

22. 2012-13 മുതൽ 2015-16 വരെയുള്ള റിപ്പോർട്ടുകളിൽ ഓഡിറ്റിംഗ് നടന്നു കൊണ്ടിരിക്കുകയാണെന്നും കുറച്ചു ദിവസത്തിനകം അത് പൂർത്തിയാക്കുമെന്നും മുൻ വർഷങ്ങളിലേത് ലഭ്യമാക്കിയതിനുശേഷം 2016-17 വർഷത്തെ റിപ്പോർട്ട് സമർപ്പിക്കാമെന്നും ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, ടെയ്‌ലറിംഗ് ബോർഡ്, മോട്ടോർ ബോർഡ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അഞ്ച് വർഷമായും ഓഡിറ്റിംഗ് നടത്താതിരുന്നത് ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുകയും ആയതിന്മേൽ സ്ഥാപനത്തിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് തൊഴിൽ വകുപ്പ് വിശദമായ റിപ്പോർട്ട് നൽകുവാനും കുടിശ്ശിക റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

## 10. കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

23. സ്ഥാപനത്തിന്റെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2014-15 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും 2015-16-ലേത് ഓഡിറ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണെന്നും ചീഫ് വെൽഫെയർ ഇൻസ്പെക്ടർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, മറുപടി നൽകി. 2009-10-ലെ ഭരണ ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ ലഭിച്ച അധിക വിവരം 7-12-2016-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും മുൻകാലങ്ങളിൽ തുടർന്നു വന്നിട്ടുള്ള കാലതാമസമാണ് ഓഡിറ്റ് വൈകുന്നതിനുള്ള ഏക കാരണമായി പറഞ്ഞിട്ടുള്ളതെന്നും സമിതി ചൂണ്ടിക്കാട്ടി. <u>കുടിശ്ശിക റിപ്പോർട്ടുകൾ പൂർത്തീകരിക്കുന്നതിനായി വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ചും അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ വരുന്ന വിഭാഗങ്ങളെക്കുറിച്ചും അടിയന്തരമായി വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

## 11. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

24. 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ മൂന്ന് ബോർഡ് യോഗങ്ങളിലായി വച്ചെങ്കിലും അവ പാസ്സാകാതിരുന്നതിനാൽ സമർപ്പിച്ചിട്ടില്ലായെന്നും ഉടൻ തന്നെ പാസ്സാക്കി സമർപ്പിക്കുന്നതാണെന്നും കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകി. താമസംവിനാ പ്രസ്തുത റിപ്പോർട്ടുകൾ പാസ്സാക്കി അയയ്ക്കുവാനും സ്ഥാപനത്തിന്റെ നിലവിലെ സ്ഥിതി വിവരങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ട് വകുപ്പിനു നൽകുവാനും ആയത് സമയബന്ധിതമായി സഭയിൽ സമർപ്പിക്കുവാനും സമിതി നിർദ്ദേശിച്ചു. ആയതിൻപ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ 2014-15 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും 5-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു. <u>കുടിശ്ശികയില്ലാത്ത വിധം റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ചതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുകയും, തുടർന്നും റിപ്പോർട്ടുകൾ വർഷാവർഷംതന്നെ സഭയിൽ സമർപ്പിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും നിർദ്ദേശിക്കുന്നു.</u>

## 12. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

25. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ 2014-15 വരെയുള്ള ആഡിറ്റ് റിപ്പോർട്ട് പൂർത്തിയാക്കിയെങ്കിലും ബോർഡ് നിലവിലില്ലാതിരുന്നതിനാൽ അവ പാസ്സാക്കി അയയ്ക്കാൻ വൈകിയെന്നും 4-12-2016-ൽ കൂടിയ ബോർഡ് ഇതിന് അംഗീകാരം നൽകുകയും ആയത് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും 2015-16-ലേത് ഡി.സി.ബി (demand, collection & balance) പൂർത്തിയാക്കി ഓഡിറ്റ് തുടങ്ങിയിട്ടുണ്ടെന്നും 2016-17-ലേത് ഉൾപ്പെടെ രണ്ടു

മാസത്തിനകം വകുപ്പിലേക്ക് ലഭ്യമാക്കാമെന്നും 13-12-2017-ലെ തെളിവെടുപ്പ് യോഗത്തിൽ ടി സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ 2012-13 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകളെക്കുറിച്ച് വകുപ്പിൽ നിന്നും യാതൊരു പ്രതികരണവുമില്ലാത്തത് കടുത്ത അനാസ്ഥയായി സമിതി വിലയിരുത്തുകയും ഈ സ്ഥിതി തുടരുന്നതിൽ സമിതി കടുത്ത അമർഷം രേഖപ്പെടുത്തുകയും ചെയ്യു.

26. പ്രസ്തുത സ്ഥാപനത്തിന്റെ 2016-17 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ കാലതാമസ പത്രിക സഹിതം സഭയിൽ സമർപ്പിക്കുവാനും കുടിശ്ശിക ഒഴിവാക്കുവാനും റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

## 13. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

27. ബോർഡിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2015-16, 2016-17 വർഷത്തെ റിപ്പോർട്ടുകൾ ആഡിറ്റിംഗ് നടന്നുവരുകയാണെന്നും ചുരുങ്ങിയ സമയത്തിനുള്ളിൽ അവ ലഭ്യമാക്കാമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. സമിതിയുടെ കർശന നിർദ്ദേശത്തെ തുടർന്ന് സ്ഥാപനത്തിന്റെ 2014-15-ലെ പ്രവർത്തന റിപ്പോർട്ടും വാർഷിക കണക്കുകളും 30-1-2018-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കുവാനായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 14. കേരള ബീഡി, സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

28. സ്ഥാപനത്തിന്റെ 2014-15 വർഷത്തെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും, 2015-16 വർഷത്തെ കരട് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചത് അംഗീകരിച്ച് ലഭിച്ചിട്ടില്ലായെന്നും റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസർ, കേരള ബീഡി, സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, മറുപടി നൽകി. സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ കാലതാമസ പത്രിക സഹിതം താമസംവിനാ നിയമസഭയിൽ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചതിനെ തുടർന്ന് 2014-15-ലെ റിപ്പോർട്ട് 30-1-2018-നും, 2015-16-ലേത് 21-6-2018-നും സഭയിൽ സമർപ്പിക്കുകയുണ്ടായി.

29. സ്ഥാപനത്തിന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത കൈവരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

## 15. ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് (ഒഡെപെക്)

30. ഒഡെപെകിന്റെ 2014-15 വർഷത്തെ വാർഷിക റിപ്പോർട്ടിന്റെ പ്രിന്റിംഗ് കഴിഞ്ഞതിനാൽ 2 ദിവസത്തിനകം ലഭ്യമാക്കാമെന്നും 2015-16-ലെ റിപ്പോർട്ടിന്റെ പ്രിന്റിംഗ് കഴിഞ്ഞ് 2017 ഡിസംബർ 20-ന് ലഭ്യമാക്കാമെന്നും 2016-17-ലെ വാർഷിക റിപ്പോർട്ടിന്റെ ഇന്റേണൽ ഓഡിറ്റ് നടന്നുവരുകയാണെന്നും മാനേജർ (ഫിനാൻസ്&അഡ്മിനിസ്ട്രേഷൻ),

ഒഡെപെക് അറിയിക്കുകയുണ്ടായി. സമിതിയുടെ 1-8-2017-ലെ യോഗത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെയും നടപടിക്രമങ്ങളെയും സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്, വിദേശ റിക്രൂട്ട്മെന്റും ട്രാവൽ ഡിവിഷനുമാണ് ഒഡെപെക് നടത്തുന്നതെന്നും അസംബ്ലി കമ്മിറ്റി ടൂറുകളുടെ എയർടിക്കറ്റുകൾ ഒഡെപെക് ആണ് ലഭ്യമാക്കുന്നതെന്നും മാനേജർ, ഒഡെപെക് അറിയിച്ചു.

31. ഒഡെപെകിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കാൻ സമിതി ആവശ്യപ്പെട്ടതിനെ തുടർന്ന് 2014-15-ലെ വാർഷിക റിപ്പോർട്ട് കാലതാമസ പത്രിക കൂടാതെ 30-12-2017-ന് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുകയുണ്ടായി.

32. ഒഡെപെക് കൃത്യമായി റിപ്പോർട്ടുകളെല്ലാം വകുപ്പിൽ എത്തിച്ചിട്ടും അത് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തത് വകുപ്പിന്റെ നിരുത്തരവാദിത്വമാണ് വെളിപ്പെടുത്തുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. <u>സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ കൃത്യസമയത്ത് സമിതി മുൻപാകെ ലഭ്യമാക്കുന്നതിനുപോലും വകുപ്പ് തികഞ്ഞ അലംഭാവമാണ് കാണിക്കുന്നത്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കുടിശ്ശിക റിപ്പോർട്ടുകളെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

## 16. കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

33. സ്ഥാപനത്തിന്റെ 2014-15-ലെ റിപ്പോർട്ട് വകുപ്പിൽ നൽകിയിട്ടുണ്ടെന്നും 2015-16-ലെ ഓഡിറ്റിംഗ് കഴിഞ്ഞതായും ബോർഡിൽ വച്ച് പാസ്സാക്കി ഉടൻതന്നെ വകുപ്പിന് നൽകാമെന്നും 2016-17-ലെ ഓഡിറ്റിംഗ് നടന്നു വരുകയാണെന്നും എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് 13-12-2017-ലെ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചു.

34. സമിതി നിർദ്ദേശത്തെ തുടർന്ന് സ്ഥാപനത്തിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് 24-2-2018-ന് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുകയും ആയത് 19-3-2018-ന് സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

35. <u>സ്ഥാപനത്തിന്റെ 2015-16 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

## 17. കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി

36. സ്ഥാപനത്തിന്റെ 2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ബോർഡ് സാധൂകരിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും 2016-17 വർഷത്തെ ഓഡിറ്റ് ഉടൻ തന്നെ ആരംഭിക്കുന്നതാണെന്നും

നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള റിപ്പോർട്ട് തൊഴിൽ വകുപ്പിന് ലഭ്യമാക്കിയിട്ടുള്ള തായും ടെയിലറിംഗ് ബോർഡ്, മോട്ടോർ ബോർഡ്, ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചു. എന്നാൽ പ്രസ്തുത റിപ്പോർട്ടുകളൊന്നും വകുപ്പ് സഭയിൽ സമർപ്പിക്കുവാനായി ലഭ്യമാക്കാത്തത് വകുപ്പിന്റെ അനാസ്ഥയായും കൃത്യവിലോപമായും സമിതി വിലയിരുത്തി.

37. ആയതിന്റെ അടിസ്ഥാനത്തിൽ 2012-13 മുതൽ 2015-16 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും 21-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

38. സ്ഥാപനത്തിന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 18. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

39. സ്ഥാപനത്തിന്റെ 2015-16 വർഷത്തെ റിപ്പോർട്ട് ബോർഡിൽ വച്ചെങ്കിലും കൂടുതൽ ചർച്ച ചെയ്യേണ്ടതുള്ളതിനാൽ അടുത്ത ബോർഡിലേക്ക് മാറ്റിയിരിക്കുക യാണെന്നും 2016-17 വർഷത്തെ ഓഡിറ്റ് പൂർത്തീകരിച്ചതായും ടെയ്‌ലറിംഗ് ബോർഡ്, മോട്ടോർ ബോർഡ്, ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകി. സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ കാലതാമസപത്രികകൾ ആവശ്യമാണെങ്കിൽ അതുൾപ്പെടെ എത്രയും വേഗം നിയമസഭയിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 19. കേരള ബാർബർ ആന്റ് ബ്യൂട്ടീഷൻസ് വർക്കേഴ്സ് വെൽഫെയർ സ്കീം & കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി

40. കേരള ബാർബർ ആന്റ് ബ്യൂട്ടീഷൻസ് വർക്കേഴ്സ് വെൽഫെയർ സ്കീമിനെ 2-2-2016-ൽ സോഷ്യൽ സെക്യൂരിറ്റി ബോർഡിലേക്ക് മാറ്റിയിട്ടുണ്ടെന്നും 2009-10 വരെയുള്ള റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ടെന്നുള്ള മറുപടിയാണ് ലഭിച്ചതെന്നും സോഷ്യൽ സെക്യൂരിറ്റി ബോർഡിലേക്ക് മാറുന്നതിനു മുൻപുള്ള (2-2-2016 വരെയുള്ളത്) ഓഡിറ്റ് ഫൈനലൈസ് ചെയ്ത് നൽകേണ്ടത് കേരള ബാർബർ ആന്റ് ബ്യൂട്ടീഷൻസ് വർക്കേഴ്സ് വെൽഫെയർ സ്കീം ആണെന്നും സോഷ്യൽ സെക്യൂരിറ്റി ബോർഡ്, ഫിനാൻസ് ഓഫീസർ അറിയിച്ചു. എന്നാൽ 2009-10 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് ഓഡിറ്റ് ഫൈനലൈസ് ചെയ്യുന്നത് സംബന്ധിച്ച് ബോർഡുകളോട് ചോദിക്കുമ്പോൾ ലഭ്യമാക്കുന്നത്. 2016 വരെയുള്ളത് ആര് ചെയ്യും എന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി ഒന്നും ബോർഡിൽ നിന്ന് ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ ബഹു. സമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതുണ്ടെന്ന് ഫിനാൻസ് ഓഫീസർ സമിതിയെ ബോധ്യപ്പെടുത്തി.

41. 2010-11 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ ഓഡിറ്റ് ചെയ്യുവാനായി ചാർട്ടേഡ് അക്കൗണ്ടന്റിന് നൽകിയിട്ടുണ്ടെന്നും ഫൈനലൈസ് ചെയ്തു കഴിഞ്ഞാലുടൻ സെക്യൂരിറ്റി ബോർഡിലേക്ക് ട്രാൻസ്ഫർ ചെയ്യാമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലേബർ വെൽഫെയർ ബോർഡ് അറിയിക്കുകയുണ്ടായി. കേരള സോഷ്യൽ സെക്യൂരിറ്റി ബോർഡ് രൂപീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന്റെ ഫിനാൻസ് ഓഫീസർ, അഡീഷണൽ ലേബർ കമ്മീഷണർ എന്നിവർ സമിതിയിൽ വിശദീകരിച്ചതിൽ നിന്നും പ്രസ്തുത പുതിയ ബോർഡിൽ ലയിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ, അവയുടെ ആസ്തി ബാദ്ധ്യതകൾ എന്നിവയിന്മേൽ വ്യക്തമായ നയരൂപീകരണം ഉണ്ടാക്കിയതായി കാണുന്നില്ല.

42. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ബാർബർ & ബ്യൂട്ടീഷൻസ് വർക്കേഴ്സ് വെൽഫെയർ സ്കീം, കേരള ഗാർഹിക തൊഴിലാളി വെൽഫെയർ സ്കീം, കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം തുടങ്ങിയ അഞ്ചു സ്കീമുകളും കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റിന്റെ കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ഒരു സ്കീമും ചേർത്ത് ആകെ ആറു സ്കീമുകൾ ലയിപ്പിച്ചുകൊണ്ട് കേന്ദ്ര നിയമത്തിന്റെ ഭാഗമായി "കേരള അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതി/ കേരള സോഷ്യൽ സെക്യൂരിറ്റി ബോർഡ്" എന്ന പുതിയ ബോർഡ് രൂപീകരിച്ചിട്ടുണ്ടെന്നും കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന അഞ്ച് സ്കീമുകൾ ലയിപ്പിക്കുന്നത് വരെയുള്ള റിപ്പോർട്ടുകൾ സർക്കാരിന് നൽകണമെന്നും ടി സ്കീമുകളുടെ ഓഡിറ്റ് റിപ്പോർട്ടും സമിതി ആവശ്യപ്പെടുന്ന രേഖകളും നൽകേണ്ട ഉത്തരവാദിത്വം ഇതിനുമുമ്പ് അഡ്മിനിസ്ട്രേഷൻ നടത്തിയ ബോർഡിനാണെന്നും വരുംകാലങ്ങളിലുള്ള റിപ്പോർട്ടുകളാണ് സോഷ്യൽ സെക്യൂരിറ്റി ബോർഡ് നൽകേണ്ടതെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

43. ഒരു സ്ഥാപനം മറ്റൊന്നിൽ ലയിപ്പിക്കുമ്പോൾ അതുവരെയുള്ള കണക്കുകൾ, ആസ്തി ബാദ്ധ്യതകൾ എന്നിവ തയ്യാറാക്കേണ്ടതും അത് സഭയിൽ സമർപ്പിക്കുന്നതിന് വകുപ്പിന് നൽകേണ്ടതും ആദ്യസ്ഥാപനമാണ്. എന്നാൽ പുതിയ ബോർഡിൽ ലയിപ്പിച്ചിട്ടുള്ള പല സ്ഥാപനങ്ങളും റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ട ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു.

44. <u>ആയതിനാൽ കേരള സോഷ്യൽ സെക്യൂരിറ്റി ബോർഡിൽ ലയിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി തൊഴിൽ വകുപ്പ് ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്നും റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നുവെന്നുറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ടും കുടിശ്ശിക റിപ്പോർട്ടുകളും അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

## 20. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

45. 2010-ൽ ആണ് ബോർഡ് നിലവിൽ വന്നതെന്നും ട്രാൻസാക്ഷൻ അധികമൊന്നും ഇല്ലായെന്നും സാങ്കേതികമായിട്ടുള്ള ഓഡിറ്റിംഗ് മാത്രമേയുള്ളു എന്നും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥ അറിയിച്ചു സ്ഥാപനത്തിന്റെ 2014-15 മുതലുള്ള റിപ്പോർട്ടുകൾ എത്രയും വേഗം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

## 21. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

46. സ്ഥാപനത്തിന്റെ 2014-15, 2015-16 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകളുടെ ഓഡിറ്റിംഗ് ഡിസംബർ 4-ാം തീയതി ലഭിച്ചുവെന്നും 2009-10, 2010-11, 2011-12 എന്നീ മുൻവർഷങ്ങളിലെ കുടിശ്ശിക റിപ്പോർട്ടുകൾ ഉൾപ്പെടെ എല്ലാ റിപ്പോർട്ടുകളും ഡിസംബർ 30-ാം തീയതിക്കകം സമിതി മുമ്പാകെ സമർപ്പിക്കാമെന്നും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥൻ മറുപടി നൽകി. എന്നാൽ 2009-10 മുതൽ 2011-12 വരെയുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാവാനുള്ള കാരണം സമിതി ആരാഞ്ഞപ്പോൾ ബോർഡ് യോഗം 2 വർഷമായി കൂടാതിരുന്നതുകൊണ്ടാണ് കുടിശ്ശികയായതെന്നും 2009 മുതൽ 2012 വരെയുള്ള റിപ്പോർട്ടുകളിന്മേൽ തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്ന എ.ജി. യുടെ പരാമർശം വന്നതിനാലാണ് 2012 മുതൽ 2014 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടും 2009 മുതൽ 2012 വരെയുള്ളവ സമർപ്പിക്കുവാൻ സാധിക്കാത്തതെന്നും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥൻ അറിയിച്ചു. 2017 ഡിസംബർ 30-നകം എല്ലാ റിപ്പോർട്ടുകളും സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്തിരുന്നു.

47. സമിതിയുടെ കർശന നിർദ്ദേശത്തെ തുടർന്ന് ടി സ്ഥാപനത്തിന്റെ 2009-10 മുതൽ 2015-16 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകളും പ്രവർത്തന റിപ്പോർട്ടുകളും 12-2-2018-ൽ ലഭ്യമാക്കുകയും ആയവ 27-2-2018-ൽ സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

48. തൊഴിൽ വകുപ്പും വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ക്ഷേമനിധി ബോർഡുകൾ എന്നിവയുമായി സമിതി നടത്തിയ ചർച്ചയിൽ നിർദ്ദേശിച്ച പൊതുവായ ശിപാർശകൾ ചുവടെ ചേർക്കുന്നു:

49. തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷേമനിധിബോർഡുകൾ/കോർപ്പറേഷനുകൾ/ സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സാമ്പത്തിക വർഷം അവസാനിച്ച് നിശ്ചിത സമയത്തിനകം സഭയിൽ സമർപ്പിക്കണമെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നുണ്ട്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന്, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നതായി

കാണുന്നില്ല. ഇത് സംബന്ധിച്ച് സമിതിയുടെ നിരന്തരമായ ഓർമ്മപ്പെടുത്തലുകളും പ്രയോജനം ചെയ്യതായി കാണുന്നില്ല. ആയതിനാൽ തൊഴിൽ വകുപ്പ് ഉന്നത ഉദ്യോഗസ്ഥരിൽനിന്നും സ്ഥാപന മേധാവിയിൽനിന്നും സമിതി തെളിവെടുപ്പ് നടത്തി. ഡയറക്ടർ ബോർഡ് നിലവിലില്ലായിരുന്നു എന്നതാണ് മിക്ക സ്ഥാപനങ്ങളും റിപ്പോർട്ട് സമർപ്പണത്തിലെ കാലതാമസത്തിന് കാരണമായി പറഞ്ഞത്. ഡയറക്ടർ ബോർഡ് ഇല്ലാത്തപ്പോഴും ദൈനംദിന പ്രവർത്തനങ്ങൾ നിർബാധം തുടർന്നിരുന്നതായി സമിതി മനസ്സിലാക്കുന്നു. സർക്കാർ ധനസഹായം/ക്ഷേമനിധി ബോർഡിലെ ഗുണഭോക്താക്കളുടെ വിഹിതം എന്നിവ ചേർത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം സഭയ്ക്ക് അറിയേണ്ടതുണ്ട്. അതിനാൽ തന്നെ റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ പ്രാധാന്യം വിവിധ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടത് ഭരണവകുപ്പാണ്. ഇവിടെ ഭരണവകുപ്പ് ആ ഉത്തരവാദിത്വം നിറവേറ്റുന്നില്ല എന്നതാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡയറക്ടർ ബോർഡില്ലായെന്നത് ഒരു ന്യായീകരണമായി അംഗീകരിക്കാനാവില്ലെന്നും അത്തരം സന്ദർഭങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാരിൽനിന്നും ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശചെയ്യുന്നു.

50. പല സ്ഥാപനങ്ങളുടെയും റിപ്പോർട്ടുകൾ കുടിശ്ശികയായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഒരിക്കൽ കുടിശ്ശികയുണ്ടായാൽ അതൊഴിവാക്കുന്നതിന് സാധിക്കാതെ വരുന്നതായി സമിതിയ്ക്ക് ബോധ്യപ്പെട്ടു. ആയതിനാൽ നിലവിൽ കുടിശ്ശികയായിട്ടുള്ള റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് സമയപ്പട്ടിക തയ്യാറാക്കി അതനുസരിച്ചുള്ള നടപടി സ്വീകരിക്കണമെന്നും ഇതിനായി ഭരണ വകുപ്പിൽ സംവിധാനം ഏർപ്പെടുത്തണമെന്നും സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശചെയ്യുന്നു.

51. തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നുണ്ടെന്നുറപ്പുവരുത്തേണ്ടത് തൊഴിൽ വകുപ്പിന്റെ ചുമതലയാണ്. എന്നാൽ തൊഴിൽ വകുപ്പ് ഇക്കാര്യത്തിൽ ആവശ്യമായ ഉത്തരവാദിത്വം നിറവേറ്റുന്നില്ലായെന്നത് സമിതിക്ക് തെളിവെടുപ്പിൽ മനസ്സിലായി. ആയതിനാൽ തൊഴിൽ വകുപ്പിൽ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് പരിശോധിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥ തലത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാനും റിപ്പോർട്ടുകൾ സംബന്ധിച്ച സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ചുള്ള നടപടി റിപ്പോർട്ട് വകുപ്പ് സെക്രട്ടറി ലഭ്യമാക്കണമെന്നും സമിതി ശിപാർശചെയ്യുന്നു.

52. തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന വിവിധ ക്ഷേമനിധി ബോർഡുകൾ/കോർപ്പറേഷനുകൾ എന്നിവയെ ലയിപ്പിച്ച് സോഷ്യൽ സെക്യൂരിറ്റി ബോർഡ് രൂപീകരിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത സ്ഥാപനത്തിലേക്ക് എന്നു മുതൽ ഏതൊക്കെ സ്ഥാപനങ്ങൾ ലയിപ്പിച്ചു, ലയിപ്പിക്കുന്നതിനുമുമ്പുണ്ടായിരുന്ന സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പഴയ സ്ഥാപനങ്ങളുടെ കുടിശ്ശിക റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കണമെന്നും അത് പഴയ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണെന്നും അതിന് പുതിയ സ്ഥാപനത്തെ ചുമതലപ്പെടുത്തേണ്ടതില്ലെന്നും സമിതി നിർദ്ദേശിക്കുന്നു.

മോൻസ് ജോസഫ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 6.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.